**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5736** **08-11-2021 - ൽ മറുപടിയ്ക്ക്**

**മാരകരോഗങ്ങൾ ബാധിച്ച ജീവനക്കാർക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാരകരോഗങ്ങൾ ബാധിച്ച സർക്കാർ ജീവനക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ? | (എ) | (I) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII പ്രകാരം വിവിധ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചുവടെചേർക്കും പ്രകാരം പ്രത്യേക ആകസ്മികാവധി അനുവദനീയമാണ്. (i) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII ചട്ടം 19 പ്രകാരം ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ഒരു കലണ്ടർ വർഷം പരമാവധി 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. (ii) 6.11.2019 ലെ സ.ഉ.(അ) നം 153/2019/ധന പ്രകാരം ആൻജിയോപ്ലാസ്റ്റിക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 30 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. (iii) കെ.എസ്.ആർ ഭാഗം 1 ചട്ടം 19 A പ്രകാരം ക്യാൻസർ ചികിത്സയുടെ ഭാഗമായി റേഡിയേഷൻ/കീമോതെറാപ്പിക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി ആറ് മാസത്തെ (പൊതു അവധി ദിവസങ്ങൾ ഒഴിവാക്കി) സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. (iv) കെ.എസ്.ആർ ഭാഗം 1 ചട്ടം 19 B പ്രകാരം അവയവം ദാനം ചെയ്യുന്ന ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 45 ദിവസത്തെയും അവയവം സ്വീകരിക്കുന്ന ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 19 C പ്രകാരം ഒരു കലണ്ടർ വർഷം പരമാവധി 90 ദിവസത്തെയും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. (v) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII ചട്ടം 1 (iv) പ്രകാരം Anti-rabies ചികിത്സയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് Anti-rabies vaccine എടുക്കുന്ന ദിവസങ്ങൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. (II) കെ.എസ്.ആർ ഭാഗം 1 ചട്ടം 101 A പ്രകാരം ഹിസ്റ്ററക്ടമിക്ക് വിധേയരാകുന്ന ജീവനക്കാർക്ക് മുഴുവൻ ശമ്പളത്തോടുകൂടി 45 ദിവസത്തെ അവധി |

അനുവദിക്കുന്നുണ്ട്. (III) ക്ഷയം ,കുഷ്ഠം, മാനസിക രോഗം, കാൻസർ എന്നീ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് മൂന്ന് വർഷത്തെ സർവീസ് ഇല്ലാത്ത ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 90 പ്രകാരം പരമാവധി 18 മാസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. (IV) ക്ഷയം ,കുഷ്ഠം, മാനസിക രോഗം, കാൻസർ എന്നീ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ,ശമ്പളത്തോടുകൂടിയ മറ്റ് അവധികൾ ഇല്ലാത്ത സാഹചര്യങ്ങളിൽ, Temporary Employees ന് പരമാവധി 18 മാസം വരെയും Permanent Employees ന് പരമാവധി 36 മാസം വരെയും കെ.എസ്.ആർ ഭാഗം 1 ചട്ടം 90 A യിലെ വ്യവസ്ഥകൾക്ക് വിധേയമായി എക്സ്ഗ്രേഷ്യാ അലവൻസ് അനുവദനീയമാണ്. എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിനുള്ള ശമ്പള പരിധി പുതുക്കി നിശ്ചയിച്ച് 01.06.2021 ലെ സ.ഉ.(അ) നം 79/2021/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (V) വിവിധ രോഗങ്ങൾക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുമ്പോൾ പ്രസ്തുത കാലയളവ് ആർജ്ജിതാവധി ഒഴികെയുള്ള സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നുണ്ട്. (VI) മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾക്കു പുറമെ Rights of Persons with disabilities Act chapter IV 20(4) പ്രകാരം ശാരീരികമോ മാനസികമോ ആയ വൈകല്യം ബാധിക്കുന്ന ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും പുറത്താക്കാൻ പാടില്ലെന്നും തങ്ങളുടെ തസ്തികയിലെ ചുമതല നിർവഹിക്കുവാൻ കഴിയാതെ വരുന്ന പക്ഷം അനുയോജ്യമായ മറ്റൊരു തസ്തികയിൽ മാറ്റി നിയമിക്കേണ്ടതും ഒരു തസ്തികയിലും നിലനിറുത്തുവാൻ കഴിയാതെ വരുന്ന പക്ഷം ഒരു സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് ടിയാളുടെ വിരമിക്കൽ തീയതി വരെ നിലനിറുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. (VII) മേൽ അവധികൾക്കു പുറമെ കോവിഡ്-19 പോലുള്ള പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന അവസരങ്ങളിൽ സാഹചര്യം വിലയിരുത്തി അതാത് കാലങ്ങളിൽ പ്രത്യേക ആകസ്മികാവധിയും അനുവദിച്ചുവരുന്നുണ്ട്. (VIII) മാരക രോഗങ്ങൾ ഉൾപ്പെടെ വിവിധ രോഗങ്ങൾ ബാധിച്ച സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവ്, ടി ആവശ്യത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിലുൾപ്പെടെയുള്ളവ, ചികിത്സയ്ക്ക് മുൻപ് ആവശ്യകത അനുസരിച്ച് പലിശ

| | | | |
|---|---|---|---|
| | | | രഹിത വായ്പയായോ അല്ലെങ്കിൽ റീ-ഇംബേഴ്സ്മെന്റായോ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ശിപാർശകൾ പരിശോധിച്ച് അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ